# ഈവഴി വരും കാറ്റേ



ഈ വഴി വരും കാറ്റേ!
നീയൊരു നീലാകാശ-
ത്താഴ്‌വരയികൾ പണ്ടു
മന്ദമന്ദമായ് താഴും
സൂര്യകാന്തി തൻ മുഖം
പൊക്കി നിൻ വിരൽത്തുമ്പാൽ
ആർദ്രമാം കവിളത്തു
തൊട്ടുവോ?- തൊട്ടെങ്കിലാ
മുഗ്ധമാം പൂവിൻ മൂക
നൊമ്പരമാണോ നേർത്ത
സൗരഭമായിട്ടിന്നു
നിന്നിൽ വീണലിയുന്ന?

ഈ വഴി വരം കാറ്റേ!
ദേവദാരുവിൻ താണ
ശാഖ തൻ തണൽപറ്റി-
യൊന്നു നിൽക്കുക പണ്ടു
സന്ധ്യ തൻ നിഴൽ വീണ
കടലും നോക്കിക്കൊണ്ടു
നിന്നവരല്ലോ , തുലാ-
വർഷമേഘങ്ങൾ വന്നു
പെയ്യുന്ന മഴയത്തു
ഞങ്ങളീ നനവാർന്ന
മണ്ണിതിൽ കൈയും കോർത്തു
നിന്നവരല്ലോ , പിന്നെ
പുഴ നീണ്ടൊഴുകുന്ന
തീരത്തിലൂടെ യാത്ര
പറയാനറിയാതെ
നോക്കി നിന്നവരല്ലോ.

ഈ വഴി വരും കാറ്റേ!
കാലങ്ങൾ കരിതേച്ച
മൂക ചിത്രങ്ങൾ പോലെ
മേഘങ്ങളകലത്തു
നോക്കി നല്ക്കുന്നൂ , വീണ്ടും
ദൂര ചക്രവാളത്തിൽ

പോയ്മറഞ്ഞൊരു ചന്ദ്ര–
ക്കലപോൽ മനസ്സിലി–
ന്നോർമ്മകൾ മരവിച്ചു
നില്ക്കുന്നു പെട്ടെന്നിതാ
നീയൊരു സ്വപ്നം പോലെ
വന്നു നില്ക്കുന്നു മുന്നിൽ.

മിണ്ടുവാനില്ലാതൊന്നും
നോക്കി നിൽക്കുകയല്ലോ
ഞങ്ങളന്യരെപ്പോലെ–
യീനീണ്ട വഴിവക്കിൽ. ■